(ബി) ആകെ എത്ര ആളുകൾക്ക് തൊഴിൽ കൊടുക്കാൻ കഴിയുമെന്ന് ഗവണ്മെൻറ് പ്രതീക്ഷിക്കുന്നു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള എല്ലാ പരിപാടികളും സംസ്ഥാനത്തെ തൊഴിലില്ലായ്മ പരിഹരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ആസൂത്രണം ചെയ്യിട്ടുള്ളത്. ഇതിൽ കൂടിയേറിപാർപ്പ് പദ്ധതി, മണ്ണാലിപ്പ് പദ്ധതി, കുടിൽവ്യവസായങ്ങൾ മുതലായവ പ്രാധാന്യമർഹിക്കുന്നവയാണ്.

(ബി) ഉദ്ദേശം 6.25 ലക്ഷം ആളുകൾക്ക് ജോലി കൊടുക്കാമെന്ന് പ്രതീക്ഷിക്കുന്നു. 3.55 ലക്ഷം പേർക്ക് സ്ഥിരമായും ബാക്കി 2.70 ലക്ഷം പേർക്ക് താൽക്കാലികമായും.

രണ്ടാം പഞ്ചവത്സരപദ്ധതി ചെലവ്.

* 748. [39] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഈ സംസ്ഥാനത്തിൽ ആകെ എന്ത ചെലവ് പ്രതീക്ഷിക്കുന്നു ;

(ബി) ഇതിൽ വ്യാവസായികവികസനത്തിനു മാത്രം എന്ത ചെലവാകും ;

(സി) പ്രധാനപ്പെട്ട മറ്റിനങ്ങൾ ഏതെല്ലാം;

(ഡി) ഓരോന്നിനും പ്രതീക്ഷിക്കുന്ന ചെലവ് എത്ര?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 131.89 കോടി രൂപ.

(ബി) 14·80 കോടി രൂപ.

(സി) 1. അഗ്രികൾച്ചർ,
2. പവ്വർ,
3. കമ്മ്യൂണിക്കേഷൻസ്,
4. വിദ്യാഭ്യാസം തുടങ്ങിയ സോഷ്യൽ സർവ്വീസസ്.

(ഡി) 1. അഗ്രികൾച്ചർ 36.14 കോടി രൂപ.
2. പവ്വർ 28 കോടി രൂപ.
3. കമ്മ്യൂണിക്കേഷൻസ് 13.44 കോടി രൂപ.
4. സോഷ്യൽ സർവ്വീസുകൾ 39.50 കോടി രൂപ.

ക്ഷേത്രധ്വംസന പരാതികൾ.

* 749. [40] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) 1955 ഫെബ്രുവരി 15–ാംതീയതിക്കുശേഷം സ്റ്റേറ്റിന്റെ വിവിധഭാഗങ്ങളിൽ നിന്നായി ക്ഷേത്രധ്വംസനങ്ങളെ സംബന്ധിച്ച എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ; ഏവിടെ നിന്നെല്ലാം ; അവ അന്വേഷിച്ച് എന്ത നടപടികൾ സ്വീകരിച്ചു ;

(ബി) നെയ്യാറ്റിൻകര താലൂക്കിൽ ചെങ്കൽപകുതിയിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

വ്ളാത്താങ്കര ശ്രീകൃഷ്ണസ്വാമിക്ഷേത്രം ഇരിക്കുന്ന സ്ഥലം ക്ഷേത്രാവശ്യത്തിനു വേണ്ടി പൊന്നുംവിലയ്ക്ക് എടുത്തുകൊടുക്കണമെന്നു കാണിച്ച് നാട്ടുകാരുടെ എന്തെങ്കിലും നിവേദനങ്ങൾ ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രകാലമായെന്നും ഇതിനകം ഗവണ്മെൻറ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(ഡി) പ്രസ്തുത സ്ഥലം ഉടനടി പൊന്നുംവിലയ്ക്ക് എടുത്ത് അന്നാട്ടിലെ ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുക്കളുടെ ആരാധനാസൌകര്യം ശരിപ്പെടുത്തുവാൻ ഗവണ്മെൻറ് തയ്യാറാവുമോ ?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) മൂന്നു പരാതികൾ.

1. ഇടലാക്കുടിക്കു സമീപമുള്ള കാരിയമാണിക്കപുരം.
2. തോവാള താലൂക്കിൽ തിരുപ്പതിസാരം.
3. ആറിങ്ങൽ വേളാക്കുടി എന്നീ സ്ഥലങ്ങളിൽനിന്നും.

ഓരോ സ്ഥലത്തുനിന്നും ലഭിച്ച പരാതികളിന്മേൽ എടുത്ത നടപടികളുടെ വിവരം താഴെ ചേർക്കുന്നു.

1. ഈ കേസ് കോട്ടാർ ഒന്നാംക്ലാസ് മജിസ്ട്രേട്ട് കോടതിയിൽ വിചാരണയിലിരിക്കുകയാണ്.

2. ഇതും അതുപോലെതന്നെ.

3. ഇതു പോലീസുവകുപ്പിൻെറ അന്വേഷണത്തിലിരിക്കുകയാണ്.

(ബി) കുറെ ആളുകളുടെ നിവേദനം ലഭിച്ചിട്ടുണ്ട്.

(സി) നിവേദനം കിട്ടിയിട്ട് ഏകദേശം മൂന്നുവർഷമാകും. ഇതു ഗവണ്മെൻറിൻെറ അവഗാഢമായ പരിഗണനയിലിരിക്കുകയാണ്. ക്ഷേത്രം നിൽക്കുന്നസ്ഥലം ഇപ്പോൾ വ്ളാത്താങ്കരപള്ളിയുടെ വകയാണ്. ക്ഷേത്രമുടമസ്ഥർ അതു മാറിയായി കൈവശം വച്ചുകൊണ്ടിരിക്കുകയാണ്. ഈ സ്ഥലം ക്ഷേത്രത്തിനുവേണ്ടി പൊന്നുംവിലയ്ക്ക് എടുക്കുന്നതിൽ പള്ളി അധികാരികൾക്കും സ്ഥലത്തെ ക്രൈസ്തവാനികൾക്കും ഉള്ള ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തിക്കൊണ്ട് നിവേദനങ്ങൾ സമർപ്പിച്ചിട്ടുണ്ട്. മാറിമറിപ്പിക്കുന്നതിനെ സംബന്ധിച്ച് നെയ്യാറ്റിൻകര മുൻസിഫ് കോടതിയിൽ നിന്നുണ്ടായ വിധിയിന്മേൽ ഒരു അപ്പീൽ കേസ് തിരുവനന്തപുരം ഡിസ്ട്രിക്ട് കോർട്ടിൽ വിചാരണയിലിരിക്കുകയായിരുന്നു. അതിൻെറ വിധി പള്ളിക്ക് അനുകൂലമായി 1955 മാർച്ചു മാസത്തിലാണുണ്ടായത്. അതുവരെ ഈ വിഷയം പരിഗണനാർഹമല്ലെന്നു തീരുമാനിച്ചിരുന്നു. ഇപ്പോൾ വീണ്ടും അതു ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(ഡി) പ്രശ്നം പരിഗണനയിലിരിക്കുന്നതേയുള്ളൂ. വ്യക്തമായി ഉറപ്പുപറയുക എളുപ്പമല്ല.

LIBRARY ARCHIVES Kerala Legislative Assembly